**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 500** **09-08-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ കമ്മി ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് 2021 മുതൽ 2026 വരെയുള്ള കാലയളവിലേയ്ക്ക് ആകെ എത്ര കോടി രൂപയാണ് അനുവദിച്ചതെന്നും ആയത് എന്തെല്ലാം ഇനങ്ങളിലാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ; | (എ) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-2026 കാലയളവിലേയ്ക്ക് സംസ്ഥാനത്തിന് റവന്യൂ കമ്മി ഗ്രാന്റായി ആകെ 37814 കോടി രൂപയാണ് ശിപാർശ ചെയ്തിട്ടുള്ളത്. ടി തുക സർക്കാരിന്റെ ദൈനംദിന റവന്യൂ ചെലവുകൾക്കായാണ് വിനിയോഗിക്കുന്നത്. |
| (ബി) | 2022-23, 2023-24-കാലയളവിൽ മാത്രം ഈ ഇനത്തിൽ എത്ര കോടിയാണ് ലഭിച്ചിട്ടുള്ളതെന്നും, ബാക്കി എത്ര കോടിയാണ് അടുത്ത വർഷങ്ങളിൽ സർക്കാരിന് ലഭിക്കാനുള്ളതെന്നും അറിയിക്കാമോ; | (ബി) | റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ 2022-23 കാലയളവിൽ 13174 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈയിനത്തിൽ 2023-24 കാലയളവിലേക്ക് 4749 കോടി രൂപയാണ് സംസ്ഥാനത്തിന് ലഭിയ്ക്കേണ്ടത്. ഇതിൽ ജൂലൈ മാസം വരെ 1583 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) | ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് 2021 മുതൽ 2026 വരെയുള്ള കാലയളവിലേയ്ക്ക് അനുവദിച്ച റവന്യൂ കമ്മി ഗ്രാന്റിൽ പിന്നീട് കുറവ് വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-2024 കാലയളവിലേയ്ക്ക് മാത്രമേ റവന്യൂ കമ്മി ഗ്രാന്റ് അനുവദിച്ചിട്ടുള്ളു. |

സെക്ഷൻ ഓഫീസർ